ഉത്തരം

(എ) അംഗീകാരമുള്ള നാല് അൺ-എയ്ഡഡ് സ്കൂളുകളാണ് നെടുമങ്ങാട് നിയോജകമണ്ഡലത്തിലുള്ളത്. അവയുടെ പേര് ചുവടെ ചേർക്കുന്നു.

1. വട്ടപ്പാറ ലൂർദ് മൗണ്ട് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ.
2. നെടുമങ്ങാട് ദർശന ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ.
3. നെടുമങ്ങാട് എം. എച്ച്. ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ.
4. പുനലാൽ ഡെയിൽവ്യൂ യു.പി.എസ്. വെള്ളനാട്.

(ബി) സ്കൂളുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

എൽ. പി. വിഭാഗം - ഇല്ല.

യു. പി. വിഭാഗം - പുനലാൽ ഡെയിൽവ്യൂ യു.പി.എസ്. വെള്ളനാട്.

ഹൈസ്കൂൾ
1. വട്ടപ്പാറ ലൂർദ് മൗണ്ട് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ.
2. നെടുമങ്ങാട് ദർശന ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ.
3. നെടുമങ്ങാട് എം. എച്ച്. ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ.

(സി) അംഗീകാരമില്ലാത്ത സ്കൂളുകൾക്കെതിരെ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശമൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. നിയന്ത്രണം വരുത്തുന്നതിനാവശ്യമായ നടപടികളെക്കുറിച്ച് ആലോചിക്കുന്നുണ്ട്.

1-ാം ക്ലാസ്സ് മുതൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ അനുവദിക്കുവാൻ ഉള്ള തീരുമാനം

164 (2885) ശ്രീ. വി. ജെ. പൗലോസ് :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. കെ. ബാബു :
ശ്രീ. എം. പി. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത വർഷം മുതൽ ഗവൺമെന്റ് എയ്ഡഡ് വിദ്യാലയങ്ങളിൽ 1-ാം ക്ലാസ്സ് മുതൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ അനുവദിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനനുസരിച്ച് നഴ്സറി സ്കൂളുകളിലെ അദ്ധ്യയനത്തിന് എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ;

(സി) 1-ാം ക്ലാസ്സിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ആരംഭിക്കുമ്പോൾ പുതുതായി അദ്ധ്യാപക നിയമനം ആവശ്യമായി വരുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ യോഗ്യതയെന്തെന്ന് നിശ്ചയിച്ചുവോ ?

ഉത്തരം

(എ) ഈ വർഷം മുതൽ (2003-2004 അദ്ധ്യയന വർഷം) ഇംഗ്ലീഷ് മീഡിയം പാരലൽ ക്ലാസ്സുകൾ 1-ാം ക്ലാസ്സിൽ ആരംഭിക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്.

(ബി) മാറ്റം വരുത്തിയിട്ടില്ല.

(സി) ഇല്ല.

(ഡി) സ്കൂളിൽ ഇപ്പോൾ നിലവിലുള്ള അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തുകയാണ് ചെയ്യാറുള്ളത്.

സർക്കാർ വിദ്യാലയങ്ങളിൽ ഫർണിച്ചറുകൾ അനുവദിക്കാൻ നടപടി

165 (2887) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വിദ്യാലയങ്ങളിൽ ഈ വർഷം ബഞ്ച്, ഡസ്ക് തുടങ്ങിയ ഫർണിച്ചറുകൾ അനുവദിക്കുന്നുണ്ടോ ;

(ബി) എൽ. പി., യു. പി., ഹൈസ്കൂൾ തുടങ്ങിയ വിദ്യാലയങ്ങളിൽ ഏതെല്ലാം ഓഫീസുകളിൽ നിന്നാണ് ഇത് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓരോ വർഷവും അനുവദിക്കുന്ന ഫണ്ട് വിദ്യാഭ്യാസ ഡയറക്ടർ ഡെപ്യൂട്ടി ഡയറക്ടർമാർക്കും അവർ ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും നൽകുന്നു. സ്കൂൾ ഹെഡ്മാസ്റ്റർമാർ സർക്കാർ മാനദണ്ഡമനുസരിച്ച് ആവശ്യമായ ഫർണിച്ചർ വാങ്ങുന്നു.

പ്രീ-പ്രൈമറി അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾക്ക് അംഗീകാരം നൽകുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ

166 (2888) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്ത് പ്രീ- പ്രൈമറി അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾക്ക് അംഗീകാരം നൽകേണ്ടത് ഗവൺമെന്റാണോ ; മറ്റെന്തെങ്കിലും ഏജൻസിയാണോ ;

(ബി) ഇത്തരത്തിൽ അംഗീകാരമുള്ള കേരളത്തിലെ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly